(ബി) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ അമ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങളുള്ള കോളനികളെയാണ് തെരഞ്ഞെടുക്കുന്നത്. പദ്ധതിക്കായി പുതിയ കോളനികളെ തെരഞ്ഞെടുക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ബാർബർ തൊഴിലാളികളുടെ പശ്ചാത്തല സൗകര്യ വികസനം

203 (2412) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പിന്നോക്ക സമുദായ വികസന വകുപ്പുവഴി പ്രസ്തുത സമുദായത്തിൽപ്പെട്ട ബാർബർ തൊഴിലാളികളുടെ പശ്ചാത്തല സൗകര്യങ്ങൾ ആധുനികവൽക്കരിക്കുന്നതിനുള്ള ധനസഹായത്തിനായി 2013-14 -ലെ ബഡ്ജറ്റ് വിഹിതമായി എത്ര തുക ഉൾക്കൊള്ളിച്ചിരുന്നുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി വിഹിതമായി 2014-15-ൽ അനുവദിച്ച തുകയും ചെലവഴിച്ച തുകയും എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) നിലവിലെ ബഡ്ജറ്റിൽ എത്ര തുക അനുവദിച്ചിട്ടുണ്ട് ?

ഉത്തരം

(എ) 2015-16 ബഡ്ജറ്റിലാണ് ടി പദ്ധതി ആദ്യമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

(ബി) ബാധകമല്ല.

(സി) 2015-16-ൽ 255 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി നടപ്പിലാക്കിയ പദ്ധതികൾ

204 (2413) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പിന്നോക്ക വിഭാഗക്കാരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി 2014-15 ലെ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയ 80 കോടി രൂപ വിനിയോഗിച്ചു നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ചു ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly